

SPEAKER

# ALEXANDER PARAMBITHARA

Shri Alexander Parambithara, fondly called A.P., who adorned the seat of the Speaker of Kerala Legislative Assembly was a man of conviction. When Shri A.P. was elected as Speaker, Shri Joseph Chazhikadan had voiced aloud "all the qualities were so mingled in him that Nature will stand up and say here is a man". Through his selflessness and high regard for human values and virtues, Shri A.P. was truly a role model for the younger generation.

Born in February 1900, Shri A.P., affectionately referred to as Parambithara Master, had his education in Ernakulam Maharaja's College, Thiruchirappally St. Joseph's College and Trivandrum Law College. He started his career as Headmaster of Kumbalangi St. Peter's High School, after passing out of Saidapet Teachers'

Training College. Perhaps it was this experience as a teacher which later helped him in tiding over tiring situations.

He had also served as Ernakulam Municipal Council Chairman during 1947-51. Even after he became Member of Kerala Legislative Assembly, he had served as President, Ernakulam District Congress Committee in 1961.

A.P. Master had been elected to Cochin Assembly twice in 1934 and 1947 and Tiru-Cochi Council also, in 1952 and 1954. He was elected to Kerala Legislative Assembly from Palluruthi Constituency in 1957 and 1960.

Shri Alexander Parambithara became Speaker of the Assembly on December 13, 1961. Conducting the business of the House with his characteristic elan, A.P. Master graced that coveted seat till September 10, 1964.

Shri Parambithara was elected once again in 1967, this time from Ernakulam Constituency. During this period, he was also Chairman of two Legislature Committees; Assurances Committee during 1967-68 and Library Advisory Committee during 1969-70.

Not one to compromise on his beliefs and convictions, Parambithara Master did not hesitate to voice his opinion when Emergency was proclaimed in 1975 and had the courage and sincerity of purpose to join hands with Shri A.K. Gopalan, when his party fought against its imposition and even courted arrest in the process.

Shri Parambithara Master breathed his last on June 10, 1989. The Assembly paid homage to him on June 12, 1989.

സ്പീക്കർ



# അലക്സാണ്ടർ പറമ്പിത്തറ

എ.പി. എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ശ്രീ. അലക്സാണ്ടർ പറമ്പിത്തറ രണ്ടാം കേരള നിയമസഭയുടെ സ്പീക്കർ പദവിയിലെത്തിയത് നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവും ഒത്തിണങ്ങിയ സ്വഭാവവൈശിഷ്ട്യം നിമിത്തമാണ്. അദ്ദേഹം നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ശ്രീ. ജോസഫ് ചാഴിക്കാടൻ പറഞ്ഞു; ''എല്ലാ ഗുണങ്ങളും അദ്ദേഹത്തിൽ ഒത്തുചേർന്നിരിക്കുന്നു. പ്രകൃതി എഴുന്നേറ്റു നിന്നു പറയും, ഇതാ ഒരു മനുഷ്യൻ''. സ്വാർത്ഥരഹിതമായ പെരുമാറ്റവും മനുഷ്യനന്മയിലും മൂല്യങ്ങളിലുമുള്ള മതിപ്പും മൂലം യുവതലമുറയ്ക്കൊരു മാതൃകയാകാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1900 ഫെബ്രുവരിയിൽ ജനിച്ച ശ്രീ. എ.പി., എറണാകുളം മഹാരാജാസ് കോളേജ്, തിരുച്ചിറപ്പള്ളി സെന്റ് ജോസഫ്സ് കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലെ പഠനത്തിന് ശേഷം സെയ്ദാപേട്ട് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ നിന്ന് അദ്ധ്യാപനവൃത്തിയ്ക്കുള്ള യോഗ്യതയും നേടി. കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായതിൽ പിന്നെ പറമ്പിത്തറ മാസ്റ്റർ എന്നാണ് പരക്കെ അറിയപ്പെട്ടിരുന്നത്. അന്ന് അദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന് കിട്ടിയ അനുഭവസമ്പത്താകാം പ്രതിസന്ധികൾ തരണം ചെയ്യാൻ അദ്ദേഹത്തിന് തുണയായത്.

1947–1951 കാലയളവിൽ അദ്ദേഹം എറണാകുളം മുനിസിപ്പൽ കോർപ്പറേഷൻ ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. കേരള നിയമസഭയിൽ അംഗമായിരിക്കെ 1961–ൽ അദ്ദേഹം എറണാകുളം ഡി. സി. സി. പ്രസിഡന്റായും പ്രവർത്തിച്ചു.

1957-ലാണ് ശ്രീ. എ.പി. ആദ്യമായി കേരള നിയമസഭയിൽ അംഗമാകുന്നത്. അതിനുമുമ്പ് രണ്ടു തവണ, 1934-ലും 1947-ലും അദ്ദേഹം കൊച്ചി നിയമസഭയിൽ അംഗമായിരുന്നു. പിന്നീട് 1952, 1954 വർഷങ്ങളിൽ അദ്ദേഹം തിരു-കൊച്ചി നിയമസഭയിലും അംഗമായി. പള്ളുരുത്തി നിയോജകമണ്ഡലത്തിൽ നിന്നാണ് അദ്ദേഹം 1957-ലും 1960-ലും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. 1961 ഡിസംബർ 13-ന് ശ്രീ. അലക്സാണ്ടർ പറമ്പിത്തറ കേരളനിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. സ്വതഃസിദ്ധമായ പ്രത്യേക ശൈലിയിൽ അദ്ദേഹം സഭാനടപടികൾ നിയന്ത്രിക്കുകയും 1964 സെപ്തംബർ 10 വരെ ആ പദവിയിൽ തുടരുകയും ചെയ്തു.

1967-ൽ എറണാകുളം നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം വീണ്ടും നിയമസഭാംഗമായി. 1967–68 കാലയളവിൽ അഷ്വറൻസ് കമ്മിറ്റിയുടെയും 1969–70 കാലയളവിൽ ലൈബ്രറി അഡ്വൈസറി കമ്മിറ്റിയുടെയും ചെയർമാനായിരുന്നു അദ്ദേഹം. സ്വന്തം വിശ്വാസപ്രമാണങ്ങളിലും നിശ്ചയദാർഢ്യത്തിലും വിട്ടുവീഴ്ചചെയ്യാൻ തയ്യാറാകാത്ത പറമ്പിത്തറ മാസ്റ്റർ 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ തന്റെ അഭിപ്രായം തുറന്നു പറയുകയും ശ്രീ. എ. കെ. ഗോപാലനോടൊപ്പം പ്രതിഷേധിച്ചതിനെ തുടർന്ന് അറസ്റ്റുവരിക്കുകയും ചെയ്തു.

1989 ജൂൺ 10-ാം തീയതി പറമ്പിത്തറ മാസ്റ്റർ അന്തരിച്ചു. 1989 ജൂൺ 12-ന് നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു.